**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1342** **10-10-2024 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര ടൂറിസം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** |

(എ) കോവിഡ് മഹാമാരിക്കുശേഷം അന്താരാഷ്ട്ര ടൂറിസം വിപണിയുടെ ശ്രദ്ധ ആകർഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(എ) കോവിഡ് വ്യാപനം താറുമാറാക്കിയ ടൂറിസം രംഗത്തെ കൈപിടിച്ചുയർത്താൻ വിവിധങ്ങളായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ, കേരള ഡ്രൈവ് ഹോളിഡെയ്സ്, ലോംഗ് സ്റ്റെയ്സ് ഇൻ കേരള, ഹോംസ്റ്റേ പ്രമോഷൻ, ഹണിമൂൺ ഹോളിഡെയ്സ്, കാരവൻ ടൂറിസം പ്രമോഷൻ, ചെയ്ഞ്ച് ഓഫ് എയർ ക്യാമ്പയിൻ, മിഡിൽ ഈസ്റ്റ് ക്യാമ്പയിൻ , ഇന്റർനാഷണൽ യൂറോപ്പ് ക്യാമ്പയിൻ, ഫാം ട്രിപ്പുകൾ, വിവിധ ദേശീയ അന്തർദേശീയ ഫെയറുകളിലെ പ്രാതിനിധ്യം തുടങ്ങിയ പ്രചരണ പരിപാടികളെല്ലാം തന്നെ ഈ മേഖലയുടെ പുനരുജ്ജീവനം മുന്നിൽ കണ്ടാണ്.

കേരള ടൂറിസം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹെലി ടൂറിസം, കാരവൻ ടൂറിസം, സിനി ടൂറിസം, അഡ്വഞ്ചർ ടൂറിസം മുതലായ നൂതന പദ്ധതികളും ഈ മേഖലയ്ക്ക് ഗുണകരമായിട്ടുണ്ട്. ഇതോടൊപ്പം ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡ് ആയി ശ്രദ്ധിക്കപ്പെടാനും കേരള ടൂറിസത്തിന്റെ പ്രാധാന്യം വിദേശ സഞ്ചാരികളെ അറിയിക്കുന്നതിനും അതുവഴി കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി, അന്താരാഷ്ട്ര നഗരങ്ങളിൽ സംഘടിപ്പിക്കുന്ന ട്രാവൽ മാർട്ടുകളിൽ കേരള ടൂറിസം പങ്കെടുക്കുകയും കേരള ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ അന്താരാഷ്ട്ര നഗരങ്ങളിൽ B2B Meets സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ വിദേശ ടൂറിസ്റ്റുകളുടെ വരവിന്റെ എണ്ണം എത്രത്തോളം വർദ്ധിച്ചുവെന്ന് വിശദമാക്കാമോ?

(ബി) 2021, 2022, 2023 കലണ്ടർ വർഷങ്ങളിലെ ആഭ്യന്തര/വിദേശ ടൂറിസ്റ്റ് സന്ദർശനങ്ങളുടെ എണ്ണവും മുൻ വർഷത്തെ അപേക്ഷിച്ചുള്ള വളർച്ചാ നിരക്കും ചുവടെ ചേർക്കുന്നു.

| കലണ്ടർ വർഷം | ആഭ്യന്തര സന്ദർശനങ്ങളുടെ എണ്ണം | മുൻ വർഷത്തെ അപേക്ഷിച്ചുള്ള വ്യതിയാന നിരക്ക് | വിദേശ സന്ദർശനങ്ങളുടെ എണ്ണം | മുൻ വർഷത്തെ അപേക്ഷിച്ചുള്ള വ്യതിയാന നിരക്ക് |
|---|---|---|---|---|
| 2021 | 75,37,617 | 51.09 | 60,487 | -82.25 |
| 2022 | 1,88,67,414 | 150.31 | 3,45,549 | 471.28 |
| 2023 | 2,18,71,641 | 15.92 | 6,49,057 | 87.83 |

സെക്ഷൻ ഓഫീസർ